personal influence with the Government of India in the matter. Just as in Burma Rubber, so also in Ceylon copra.

Dr. A. R. Menon (*Minister for Rural Development*): Even in the case of Burma Rubber there is difference of opinion.

Mr. V. N. Damodaran Nambiar (*Trippunittura*): Does the Government think that any additional expenditure will have to be incurred if co-operative marketing societies are introduced here?

Dr. A. R. Menon (*Minister for Rural Development*): No. But there are other things mentioned in the petition. If you want things to be done properly money must be forthcoming, and the person who wrote the petition knows that the cardinal fact is money and so he said 'Impose a cess of 6 to 12 annas per acre'. If you take the resolution as a whole the thing is workable. Otherwise it will not be workable. It is not possible to meet all these things out of public money.

Mr. C. V. Iyyu (*Kunnamkulam*): Will the Government be pleased to move the Railway Board to reduce the railway fare for exporting cocoanuts in raw condition from Ernakulam to all over India?

Dr. A. R. Menon (*Minister for Rural Development*): It will be considered by the Government.

Mr. B. M. Peter (*Latin Christians—Mattancheri*): Is the Government aware that the Government of India have reduced their duty?

Mr. V. J. Mathai (*Planters*): It is not a reduction of the tariff exactly. It is a reduction of the tariff value placed upon cocoanut.

Dr. A. R. Menon (*Minister for Rural Development*): I am not an expert in these lines.

Mr. President: They have not reduced the rate of duty. The duty of foreign copra is *advalorem* duty, i. e., so much per cent on the value of the commodity. From time to time the Commerce Department of the Government of India has to fix the value upon which the duty has to be assessed. According to your own statements since the price of cocoanut has gone down they have fixed a lower price.

UPLIFT OF DEPRESSED CLASSES—PROGRAMME OF.

276. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി നൽകുമോ:—

ഇതുവരെയും നടത്തീട്ടുള്ളതും ഇനി മേലിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതുമായ അധഃകൃതോദ്ധാരണത്തിനു വല്ല കാര്യപരിപാടിയുമുണ്ടോ; ഉ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി അനുബന്ധമായി ചേർക്കുവാൻ ദയവുണ്ടാകുമോ?''

ഡാക്ടർ എ. ആർ. മേനോൻ: അധഃകൃതരുടെ വിദ്യാഭ്യാസം, സാമ്പത്തികം, കൈത്തൊഴിൽ, ശുചീകരണം, സുഖജീവിതം ആദിയായിട്ടുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളെ മുൻനിറുത്തി വിപുലമായ കാര്യപരിപാടി രൂപീകരിച്ചാണ് അധഃകൃതോദ്ധാരണം നടത്തിവരുന്നത്. ലേബർ ഡിപ്പാർട്ട്മെണ്ടിലെ രേണാറിപ്പോർട്ട് മേശപ്പുറത്തു വെച്ചതു നോക്കുക.

മിസ്റ്റർ കെ. പി. വള്ളോൻ: കൈത്തൊഴിൽപരമായിട്ട എന്താണൊക്കെയുള്ളത്?

ഡാക്ടർ എ. ആർ. മേനോൻ: അവക്കു തൊഴിലിനുള്ള സൌകര്യം ചെയ്തുകൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: വിപുലമായ കാര്യപരിപാടി രൂപീകരിച്ചാണ് അധഃകൃതോദ്ധാരണം നടത്തിവരുന്നതു എന്നു പറഞ്ഞിട്ടുണ്ട്. ഈ വിപുലമായ കാര്യപരിപാടി ഉണ്ടാക്കിയതു് ഏതുദ്യോഗസ്ഥനാണെന്നു പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ: അധഃകൃതസംരക്ഷകനാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: ലേബർ ഡിപ്പാർട്ട്മെൻറിന്റെ ആനുവൽ റിപ്പോർട്ട് മേശപ്പുറത്തുവെച്ചിട്ടുണ്ടെന്നു പറയുന്നു. സംരക്ഷണവകുപ്പിന്റെ കാര്യപരിപാടി ഇതേ ഡിപ്പാർട്ട്മെൻറിന്റെ കാര്യപരിപാടിതന്നെയാണൊ?

ഡാക്ടർ എ. ആർ. മേനോൻ: ഇതു രണ്ടും ഒരേ ഡിപ്പാർട്ട്മെൻറ് മേലധ്യക്ഷന്റെ കീഴിലാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: ഇതുരണ്ടും ലേബർ ഡിപ്പാർട്ട്മെൻറിൽ പെട്ടതാണൊ?

ഡാക്ടർ എ. ആർ. മേനോൻ: ലേബർ ഡിപ്പാർട്ട്മെൻറ് എന്നുപറയുന്നതു് ഒന്നിനെമാത്രമല്ല.

മിസ്റ്റർ വി. കെ. കുട്ടി: ലേബർ എന്നതു മാറി ഡിപ്രസ്ഡ് എന്നാക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു വിരോധമുണ്ടൊ?

ഡാക്ടർ എ. ആർ. മേനോൻ: ഡിപ്രസ്ഡ് ക്ലാസ്സ് എന്നു മാറുമ്പോൾ വേറെ ചിലർ പറയും വീണ്ടും ലേബർ എന്നാക്കണമെന്നു. അപ്പോൾ ഗവൺമെൻറ് എന്തു ചെയ്യും?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിപുലമായ കാര്യപരിപാടി ഉണ്ടായിരുന്നിട്ടും അവർക്ക് അടിമ മനസ്ഥിതി വിട്ട സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്തുവാൻ സാധിക്കുന്നില്ലെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടൊ?

ഡാക്ടർ എ. ആർ. മേനോൻ: സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിന്റെ കാര്യം എല്ലാവർക്കും ബാധിക്കുന്നതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: അടിമ മനസ്ഥിതി അധഃകൃതരുടെ ഇടയിൽ നിന്നു കളയുന്നതിനു ഡിപ്പാർട്ട്മെൻറിൽ നിന്നും വല്ലതും ചെയ്യുന്നുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: അവരെ അടിമകളെ പോലെ ആക്കുന്നതിനു ഒന്നും ചെയ്യുന്നില്ല. അവരെ അടിമകളാക്കി വെക്കണമെന്ന ഉദ്ദേശത്തിന്മേലല്ല ഡിപ്പാർട്ട്മെൻറ് നടത്തുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: വല്ല സ്ഥലത്തും അവരെ അടിമകളെപ്പോലെ ആക്കുന്നുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഈ ഡിപ്പാർട്ട്മെൻറിന്റെ ഉദ്ദേശം ഞാൻ പറഞ്ഞതു തന്നെയാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അടിമ മനസ്ഥിതി മാറുവാൻ വല്ല ഇഞ്ചക്ഷനുമുണ്ടോ? (ചിരി).

മിസ്റ്റർ പി. അച്യുതമേനോൻ: അധഃകൃതവകുപ്പിന്റെ ഭരണം കൂടുതൽ ആശാസ്യമാണെന്നു ഗവൺമെണ്ടിനു പറയാമോ?

ഡാക്ടർ എ. ആർ. മേനോൻ: എല്ലാ ഡിപ്പാർട്ടുമെണ്ടിലും ചിലപ്പോൾ ഡിഫക്റ്റ്സ് ഉണ്ടാകും. അതുപോലെ ഈ ഡിപ്പാർട്ടുമെണ്ടിനും ഉണ്ടാകാം.

മിസ്റ്റർ പി. അച്യുതമേനോൻ: അധഃകൃത സംരക്ഷകനാണു് ഇതേകാര്യപരിപാടി രൂപീകരിച്ചതു് എന്നു പറഞ്ഞു. അതു രൂപീകരിച്ചപ്പോൾ അദ്ദേഹം ഗവൺമെണ്ടിനോടു അനേഷിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: അദ്ദേഹം അതു രൂപീകരിച്ച സമയത്തു ഗവൺമെണ്ടിനോടു അനേഷിച്ചിട്ടുണ്ടോ എന്നു എനിക്കു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അദ്ദേഹത്തോടു അനേഷിച്ചു പറയാം.

മിസ്റ്റർ കെ. പി. വള്ളോൻ: അനാശാസ്യകരമായ ഭരണം ചിലപ്പോൾ എല്ലാ ഡിപ്പാർട്ടുമെണ്ടിലും ഉണ്ടാകാമെന്നു പറഞ്ഞു. ഈ ഡിപ്പാർട്ടുമെണ്ടിലുള്ള അനാശാസ്യകരമായ ഭരണസമ്പ്രദായത്തെപ്പറ്റി ബഹുമാനപ്പെട്ട മിനിസ്റ്റർ വല്ലതും ചെയ്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഈ ഡിപ്പാർട്ടുമെണ്ടിന്റെ നടപടിയെപ്പറ്റി എനിക്കു പല ആക്ഷേപങ്ങളും കിട്ടുന്നുണ്ടു്. ഞാൻ അനേഷിച്ചതിൽ നൂറുക്കു് ൻ ൦-൦ ആക്ഷേപങ്ങളും അസാധുവായും കണ്ടിട്ടുണ്ടു്. ചിലപ്പോൾ ശരിയായിട്ടും കണ്ടിട്ടുണ്ടു്. ഞാൻ ഈ വക കാര്യങ്ങളെപ്പറ്റി ശരിയായ അനേഷണമൊക്കെ നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: എന്റെ ചോദ്യത്തിനു ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ ആനുവൽ റിപ്പോർട്ടു നോക്കാൻ പറഞ്ഞിട്ടുണ്ടു്. അതു നടത്തിയതിന്റെ കാര്യമായിരിക്കും. ഇനി നടത്താനുള്ള കാര്യപരിപാടി എന്തൊക്കെയാണെന്നു ദയവായി ഒന്നു പറഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ: ഏതെല്ലാം കാര്യപരിപാടി അനുസരിച്ചാണു് പ്രവർത്തനം നടത്തേണ്ടതു് എന്നുള്ളതിനു മിസ്റ്റർ വള്ളോന്റെ അഭിപ്രായം എന്തൊക്കെയാണെന്നു പറഞ്ഞാൽ ആ അഭിപ്രായത്തെ കഴിയുന്നതും വിലവെച്ചു വേണ്ടതുപോലെ പ്രവൃത്തിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അവരുടെ സുഖജീവിതത്തിനു എന്തൊക്കെയാണു് പ്രവൃത്തിക്കുന്നതു് എന്നു പറഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ: അവക്കു വല്ലതും കൈത്തൊഴിലിനു മാർഗ്ഗമുണ്ടാക്കിക്കൊടുക്കാൻ നോക്കും. പിന്നെ എന്താണു വേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly